# കലിമഃ ചൊല്ലുന്ന മുസ്‌ലിമും സഹായതേട്ടവും

തയ്യാറാക്കിയത്: അബ്ദുൽ ജബ്ബാർ അബ്ദുല്ല

?‘ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ്’ എന്ന ശഹാദത്ത് ചൊല്ലുന്ന ഒരു മുസ്‌ലിം തന്റെ ഇരുത്തത്തിലും നിറുത്തത്തിലുമെല്ലാം യാ റസൂലല്ലാഹ്, യാ ശൈഖ് ജീലാനീ എന്നിങ്ങനെ വിളിച്ച് തേടുന്നു. ഇങ്ങനെയുള്ള സഹായത്തേട്ടത്തിന്റെ വിധി എന്താകുന്നു?

ഉപകാരം നേടുന്നതിനും ഉപദ്രവം പോക്കുന്നതിനും മനുഷ്യർ, റസൂലിനേയോ, ജീലാനീ ശൈഖിനേയോ, തീജാനീ ശൈഖിനേയോ, മറ്റോ വിളിച്ചുതേടുന്നതും സഹായത്തേട്ടം നടത്തുന്നതും ആദികാല ജാഹിലിയ്യത്തിൽ വ്യാപകമായിരുന്ന വലിയ ശിർക്കിന്റെ ഇനങ്ങളിൽ ഒരിനമാകുന്നു. ഈ ശിർക്കിനെ ഇല്ലായ്മ ചെയ്യുവാനും, ജനങ്ങളെ ശിർക്കിൽനിന്ന് രക്ഷപ്പെടുത്തുവാനും, അല്ലാഹുﷻവിന്റെ തൗഹീദിലേക്കും ആരാധനകളും ദുആയും അല്ലാഹുﷻവിന് മാത്രമാക്കുന്നതലേക്കും ജനങ്ങളെ ഉൽബുദ്ധരാക്കുവാനുമാണ് അല്ലാഹുﷻ തന്റെ ദൂതന്മാരെ നിയോഗിച്ചത്. സാധാരണ കാര്യകാരണങ്ങൾക്കപ്പുറമുള്ള കാര്യങ്ങളിൽ സഹായത്തേട്ടം അല്ലാഹുﷻവോട് മാത്രമേ പാടുള്ളൂ. കാരണം, സാധാരണ കാര്യകാരണങ്ങൾക്കപ്പുറമുള്ള കാര്യങ്ങളിലുള്ള സഹായത്തേട്ടം ഇബാദത്താകുന്നു. വല്ലവനും അത് അല്ലാഹുﷻ അല്ലാത്തവരിലേക്ക് തെറ്റിച്ചാൽ അവൻ ശിർക്ക് ചെയ്തവനായി. അല്ലാഹുﷻ തൽവിഷയത്തിൽ തന്റെ ദാസന്മാരെ ഉത്ബോധിപ്പിക്കുകയും അവരോട് പ്രഖ്യാപിക്കുവാൻ ഇപ്രകാരം പഠിപ്പിക്കുകയും ചെയ്തു:

إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِينُ

﴿നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.﴾ (വി. ക്വു. അൽഫാതിഹഃ: 5)

അല്ലാഹു ﷻ പറഞ്ഞു:

وَأَنَّ ٱلۡمَسَٰجِدَ لِلَّهِ فَلَا تَدۡعُواْ مَعَ ٱللَّهِ أَحَدٗا

﴿പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്.﴾ (വി. ക്വു. അൽജിന്ന്: 18)

وَلَا تَدۡعُ مِن دُونِ ٱللَّهِ مَا لَا يَنفَعُكَ وَلَا يَضُرُّكَۖ فَإِن فَعَلۡتَ فَإِنَّكَ إِذٗا مِّنَ ٱلظَّٰلِمِينَ ١٠٦ وَإِن يَمۡسَسۡكَ ٱللَّهُ بِضُرّٖ فَلَا كَاشِفَ لَهُۥٓ إِلَّا هُوَۖ وَإِن يُرِدۡكَ بِخَيۡرٖ فَلَا رَآدَّ لِفَضۡلِهِۦۚ يُصِيبُ بِهِۦ مَن يَشَآءُ مِنۡ عِبَادِهِۦۚ وَهُوَ ٱلۡغَفُورُ ٱلرَّحِيمُ

﴿അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും. നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ ദാസൻമാരിൽ നിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.﴾ (വി.ക്വു. യൂനുസ്: 106,107)

ذَٰلِكُمُ ٱللَّهُ رَبُّكُمْ لَهُ ٱلْمُلْكُ ۚ وَٱلَّذِينَ تَدْعُونَ مِن دُونِهِۦ مَا يَمْلِكُونَ مِن قِطْمِيرٍ ﴿١٣﴾ إِن
تَدْعُوهُمْ لَا يَسْمَعُوا۟ دُعَآءَكُمْ وَلَوْ سَمِعُوا۟ مَا ٱسْتَجَابُوا۟ لَكُمْ ۖ وَيَوْمَ ٱلْقِيَٰمَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا
يُنَبِّئُكَ مِثْلُ خَبِيرٍ

﴿അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്നപക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല.﴾ (വി. ക്വു. അൽഫാത്വിർ: 18)

وَمَنْ أَضَلُّ مِمَّن يَدْعُوا۟ مِن دُونِ ٱللَّهِ مَن لَّا يَسْتَجِيبُ لَهُۥٓ إِلَىٰ يَوْمِ ٱلْقِيَٰمَةِ وَهُمْ عَن دُعَآئِهِمْ غَٰفِلُونَ ﴿٥﴾ وَإِذَا
حُشِرَ ٱلنَّاسُ كَانُوا۟ لَهُمْ أَعْدَآءً وَكَانُوا۟ بِعِبَادَتِهِمْ كَٰفِرِينَ

﴿അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും.﴾ (വി. ക്വു. അൽഅഹ്ക്വാഫ്: 5,6)

وَمَن يَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ لَا بُرْهَٰنَ لَهُۥ بِهِۦ فَإِنَّمَا حِسَابُهُۥ عِندَ رَبِّهِۦٓ ۚ إِنَّهُۥ لَا يُفْلِحُ ٱلْكَٰفِرُونَ

﴿വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ദൈവത്തെയും വിളിച്ച് പ്രാർത്ഥിക്കുന്ന പക്ഷം- അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ- അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽ വെച്ചുതന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച.﴾ (വി. ക്വു. അൽ മുഅ്മിനൂൻ: 117)

അല്ലാഹു ﷻ, ഈ വചനങ്ങളിൽ താനല്ലാത്തവരോട് ദുആ ചെയ്യുന്നത് കുഫ്റും ശിർക്കുമെന്ന് വിശദീകരിച്ചു. അല്ലാഹു ﷻ അല്ലാത്തവരോട് ദുആ ചെയ്യുന്നവനോളം വഴിപിഴച്ചവൻ മറ്റാരുമില്ലെന്ന് അവൻ പ്രഖ്യാപിച്ചു. നബി ﷺ ഇബ്നു അബ്ബാസി رضي الله عنه നോട് ഇപ്രകാരം പറഞ്ഞതായി സ്ഥിരപ്പെട്ടിട്ടുണ്ട്:

إِذَا سَأَلْتَ فَاسْأَلِ اللهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللهِ

((നീ ചേദിച്ചാൽ അല്ലാഹുവോട് ചോദിക്കുക. നീ സഹായം തേടിയാൽ അല്ലാഹുവോട് സഹായം തേടുക)) [1]

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

الدُّعَاءُ هُوَ الْعِبَادَةُ

((ദുആഅ്, അതാകുന്നു ഇബാദത്ത് )) [2]

അല്ലാഹുവേ, നിന്റെ തൗഫീക്വിനായി കേഴുന്നു. നമ്മുടെ പ്രവാചകൻ മുഹമ്മദ് നബിﷺയിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അനുചരന്മാരിലും സ്വലാത്തും സലാമും അല്ലാഹു ﷻ വിൽനിന്ന് സദാവർഷിക്കുമാറാകട്ടെ.

**അവലംബം:**

ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസിന്റെ നേതൃത്വത്തിലുള്ള അല്ലജ്നത്തുദ്ദാഇമഃ ലിൽബുഹൂഥിൽ ഇൽമിയ്യ വൽഇഫ്താഅ്. 1: 784.

---

1. സുനുനുത്തിർമുദി. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷി പ്പിച്ചിരിക്കുന്നു.

1. സുനുനുത്തിർമുദി. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷി പ്പിച്ചിരിക്കുന്നു.